# ഉള്ളടക്കം

സ്കൂൾ പ്രവേശനോത്സവം.......................................................................................................2
ഹിരോഷിമ നാഗസാക്കി ദിനം..............................................................................................2
സ്വാതന്ത്ര്യദിനം..................................................................................................................3
കായികരംഗം....................................................................................................................4
സംസ്ഥാന തലം.................................................................................................................4
ജില്ലാതലം..........................................................................................................................4
സ്കൗട്ട് ആൻഡ് ഗൈഡ്സ്......................................................................................................4

## ദിനാചരണങ്ങൾ

# സ്കൂൾ പ്രവേശനോത്സവം

2024-25 വർഷത്തെ പ്രവേശനോത്സവം വിവിധ പരിപാടികളോടെ നടത്തി. മുതിർന്ന കുട്ടികൾ പൂച്ചെണ്ട് നൽകി നവാഗതരെ സ്വാഗതം ചെയ്തു. പഞ്ചായത്ത് തല പ്രവേശനോത്സവം പ്രസിഡന്റ് നിർവഹിച്ചു. അക്ഷര ദീപം കൊളുത്തി കുരുന്നുകൾ അവരുടെ വിദ്യാലയ ജീവിതത്തിലേക്ക് കാലെടുത്ത് വെച്ചു. സമ്മാന വിതരണത്തിന് ശേഷം വിവിധ പരിപാടികളും മധുര പലഹാര വിതരണവും നടന്നു.

പരിസ്ഥിതി ദിനം

പുതു തലമുറയ്ക്കായി പരിസ്ഥിതിയെ സംരക്ഷിക്കാൻ ഓർമ്മിപ്പിച്ചു കൊണ്ട് ഒരു പരിസ്ഥിതി ദിനം കൂടി ആചരിച്ചു. സ്കൂൾ അസംബ്ലിയിൽ പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലി. വിദ്യാർത്ഥികൾ പോസ്റ്ററുകളും പ്ലക്കാർഡുകളും മുദ്രാഗീതങ്ങളുമായി റാലി നടത്തി. വീടുകളിൽ വൃക്ഷത്തൈകൾ നട്ടു. സ്കൂളിൽ വൃക്ഷത്തൈ നടുന്നതിനും പച്ചക്കറി വിത്തുകൾ പാകുന്നതിനും പി ടി എ വൈസ് പ്രസിഡണ്ട് നേതൃത്വം നൽകി. വിദ്യാർത്ഥികൾക്കായി പരിസ്ഥിതി ക്വിസ് നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു .

വായനാവാരം

വായിച്ചു വളരാനും ചിന്തിച്ചു വിവേകം നേടാനും ആഹ്വാനം ചെയ്ത ശ്രീ പി എൻ പണിക്കരുടെ ഓർമ്മയിൽ വായനദിനം ആചരിച്ചു. വായനവാരത്തിനു ആരംഭം കുറിച്ചുകൊണ്ട് അസംബ്ലിയിൽ വായന പ്രതിജ്ഞ എടുത്തു. കുട്ടികൾ വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പോസ്റ്ററുകൾ പ്രദർശിപ്പിച്ചു. സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങളുടെ പ്രദർശനം നടത്തി. ക്ലാസ് ലൈബ്രറികൾ പ്രവർത്തനം തുടങ്ങി. കവിത , പ്രസംഗം, മഹത് വചനങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. രക്ഷിതാക്കൾക്ക് കുട്ടിയോടൊപ്പം പങ്കെടുക്കുന്നതിന് അവസരം നൽകുന്ന "നല്ല വായന നന്മവായന " എന്ന പ്രവർത്തനവും ഇതിൽ എടുത്തു പറയേണ്ടതാണ്. കവിതാലാപനം , കഥ പറയൽ, പുസ്തകാസ്വാദനം തുടങ്ങിയ ഇനങ്ങളാണ് മത്സരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വായനവാരം സമാപനത്തോട് അനുബന്ധിച്ച് പ്രശസ്ത സാഹിത്യകാരൻ വൈശാഖൻ കുട്ടികളുമായി സംവദിച്ചു. വായന ക്വിസിലേയും വിവിധ ക്ലാസുകളിലെ മത്സരങ്ങളിലേയും വിജയികൾക്ക് സമ്മാനദാനവും നടത്തി.

ചാന്ദ്ര ദിനം

വിവിധ പരിപാടികളോടെ ചാന്ദ്ര ദിനം ആചരിച്ചു. ചന്ദ്രനില്ലാതെ ഭൂമിയിൽ ജീവൻ നിലനിൽക്കാനാവുമോ എന്ന ആശയം പങ്കുവച്ചു.കുട്ടികൾ തയാറാക്കിയ കോളാഷ്, പോസ്റ്റർ എന്നിവ പ്രദർശിപ്പിച്ചു. 40 ഓളം വിദ്യാർഥികൾ പങ്കെടുത്ത ക്വിസ് മത്സരം ആവേശകരവും രസകരമായിരുന്നു. നേഹ.എച്ച് ഒന്നാം സ്ഥാനവും, ഐശ്വര്യ. ജി രണ്ടാം സ്ഥാനവും, റിൻഫ ഫാത്തിമ. എൻ മൂന്നാം സ്ഥാനവും നേടി. 'മനുഷ്യൻ ചന്ദ്രനിൽ ' എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു .

ബഷീർ ദിനം

കഥകളുടെ സുൽത്താനായ വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമ്മദിനമായ ജൂലൈ - 5 ബഷീർ ദിനമായി ആചരിച്ചു. അസംബ്ലിയിൽ ബഷീറിന്റെ ജീവിതം, കൃതികൾ തുടങ്ങിയ കാര്യങ്ങൾ അനുസ്മരിച്ചു കൊണ്ട് സംസാരിച്ചു. കുട്ടികൾ തയ്യാറാക്കി വന്ന പോസ്റ്ററുകളും ചുമർ പത്രികകളും പ്രദർശിപ്പിച്ചു. ബഷീർ കഥാപാത്രങ്ങളുടെ അവതരണവും ഉണ്ടായിരുന്നു.

# ഹിരോഷിമ നാഗസാക്കി ദിനം

ഹിരോഷിമ നാഗസാക്കി ദിനാചരണത്തോടനുബന്ധിച്ച് ആഗസ്റ്റ് 6 മുതൽ വിദ്യാർത്ഥികൾ സമാധാനത്തിന്റെ പ്രതീകമായ സഡാകോ കൊക്കുകൾ നിർമ്മിക്കുകയും വിദ്യാലയാങ്കണത്തിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ആഗസ്റ്റ് 9 ന് അസംബ്ലിയിൽ ഹെഡ്മിസ്ട്രസ് യുദ്ധവിരുദ്ധ സന്ദേശം നൽകി. തുടർന്നു നടന്ന യുദ്ധവിരുദ്ധ റാലിയിൽ സ്കൗട്ട് അൻസ് ഗൈഡ്സ്, ജൂനിയർ റെഡ്ക്രോസ്സ്, ലിറ്റിൽകൈറ്റ്സ്, സോഷ്യൽ സയൻസ് എന്നീ ക്ലബ്ബ് അംഗങ്ങൾ പങ്കെടുത്തു. യുദ്ധവിരുദ്ധ മുദ്രാവാക്യങ്ങളും, സന്ദേശങ്ങളടങ്ങിയ പ്ലക്കാർഡുകളുമായി വിദ്യാർത്ഥികൾ സമീപ

പ്രദേശത്തിലേക്ക് നടത്തിയ റാലിയിലൂടെ സമാധാനത്തിന്റെ സന്ദേശം സമൂഹത്തിലേക്കും വ്യാപിപ്പിക്കാൻ സാധിച്ചു

# സ്വാതന്ത്ര്യദിനം

78 -ാം സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിച്ചു. വിദ്യാലയം തോരണങ്ങൾ തൂക്കി അലങ്കരിച്ചു. രാവിലെ 9 മണിക്ക് പ്രധാനധ്യാപിക പതാക ഉയർത്തി. ഒ. തുടർന്ന് പതാക ഗാനം ആലപിച്ചു. സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ ധീര ദേശാഭിമാനികളുടെ വേഷം ധരിച്ചെത്തിയ കുട്ടികൾ പരിപാടിയുടെ പ്രധാന ആകർഷണമായി. തുടർന്ന് ദേശഭക്തിഗാനം, പ്രസംഗം, നൃത്താവിഷ്കാരം തുടങ്ങിയ പരിപാടികൾ കുട്ടികൾ അവതരിപ്പിച്ചു. എല്ലാവർക്കും മധുര പലഹാരം വിതരണം ചെയ്തു.

ഗാന്ധിജയന്തി

ഗാന്ധിജയന്തിയോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഓൺലൈനായി ഗൂഗിൾ ഫോമിലൂടെ ഗാന്ധിജയന്തി ക്വിസ് മത്സരം നടത്തുകയും അതിൽ 80 ശതമാനത്തിനും മുകളിൽ മാർക്ക് കിട്ടിയവർക്ക് ഓട്ടോമാറ്റിക്കായി ഇ മെയിൽ വഴി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

കേരളപ്പിറവി

നവംബർ 1 കേരളപ്പിറവി ദിനത്തിൽ ഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊണ്ട് പരിപാടികൾക്ക് തുടക്കം കുറിച്ചു. പാട്ട്, പ്രസംഗം, നൃത്തവിഷ്കാരം എന്നീ പരിപാടികൾ കൊണ്ട് കേരളപ്പിറവി ദിനം മനോഹരമാക്കാൻ സാധിച്ചു. കേരളത്തെയും ജില്ലകളെയും പരിചയപ്പെടുത്തികൊണ്ടുള്ള സ്കിറ്റ്, പാട്ട് എന്നിവയും വേറിട്ട അനുഭവമായിരുന്നു. കേരളപ്പിറവിയോടനുബന്ധിച്ച് വിദ്യാരംഗം കലാസാഹിത്യ വേദി മോഹിനിയാട്ടം എന്ന കലാരൂപം പ്രദർശിപ്പിച്ചു. കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ ഒന്നായ മോഹിനിയാട്ടത്തെ കുറിച്ചു അതിന്റെ മുദ്രകളെ കുറിച്ചും രേഷ്മ രഘു വിശദമായി ക്ലാസുകൾ നൽകി

## ക്ളബ്ബ് പ്രവർത്തനങ്ങൾ

ലിറ്റിൽ കൈറ്റ്സ്

2024-25 അക്കാദമിക് വർഷത്തിൽ പത്താംതരത്തിൽ 41 വിദ്യാർത്ഥികളും ഒൻപതാം തരത്തിൽ 45 വിദ്യാർഥികളും, എട്ടാം തരത്തിൽ 40 വിദ്യാർഥികളും l ലിറ്റിൽ കൈറ്റ്സ് യൂണിറ്റി ൽ അംഗങ്ങളാണ്. ആർട്ടിഫിഷൽ ഇന്റലിജൻസ്. ഡാറ്റാബേസ് എന്നിവയെക്കുറിച്ചുള്ള എക്സ്പേർട്ട് ക്ലാസുകൾ നടത്തി. ഭിന്നശേഷി വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേകം ഇ സാക്ഷരത ക്ലാസുകൾ സംഘടിപ്പിച്ചു. സൈബർ സെക്യൂരിറ്റി ക്ലാസ്സ് , ഫ്രീ സോഫ്റ്റ്‌വെയർ ക്ലാസ്സ്, പ്ലസ് വൺ പ്രവേശനത്തിനു വേണ്ട ഹെൽപ്ഡെസ്ക് എന്നീ പ്രവർത്തനങ്ങൾ നടത്തി . ഈ വർഷത്തെ വിപഞ്ചിക ഡിജിറ്റൽ മാഗസിനിലെ ഓരോ താളിലും ഉള്ള ചിത്രങ്ങൾ ഡിജിറ്റൽ പെയിന്റിങ്ങിലൂടെ എൽ കെ വിദ്യാർഥികൾ തയ്യാറാക്കുകയും ചെയ്തു. എൽ കെയുടെ നേതൃത്വത്തിൽ നടന്ന റോബോ എക്സ്പോ ജില്ലാ കോഡിനേറ്റർ ഉദ്ഘാടനം ചെയ്തു. 16 റോബോട്ടുകൾ ആണ് തയ്യാറാക്കിയത്. ജില്ലാ ക്യാമ്പ് വരെ സെലക്ഷൻ കിട്ടിയ വിദ്യാർത്ഥികൾ അവർ പരിശീലിച്ച പ്രവർത്തനങ്ങൾ ഉപയോഗിച്ചുണ്ടാക്കിയ ഉത്പന്നങ്ങൾ എക്സ്പോയിൽ പ്രദർശിപ്പിച്ചു. ബി എം ഐ റോബോ, വോട്ടിംഗ് റോബോ, ക്വിസ്സ് റോബോ, എന്നിവ പ്രധാന ആകർഷണങ്ങളായിരുന്നു. യുപി സ്കൂളിൽ നിന്നും കുട്ടികൾ പ്രദർശനം കാണാനായി എത്തിയിരുന്നു . 2023 -26 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ വിപഞ്ചിക ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി . ഓണാഘോഷ പരിപാടിയുടെ ഭാഗമായി ഡിജിറ്റൽ പൂക്കളം മത്സരം ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തി . ഇരുപതോളം വിദ്യാർഥികളാണ് പങ്കെടുത്തത് .

വിദ്യാരംഗം കലാസാഹിത്യവേദി

പാഠപുസ്തകങ്ങളുമായും ദിനാചരണങ്ങളുമായും ബന്ധപ്പെടുത്തിയാണ് വിദ്യാരംഗം സാഹിത്യവേദി പ്രവർത്തനങ്ങൾ നടത്തുന്നത്. വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വികസിപ്പിക്കുക എന്നതാന്ന് പ്രധാന ലക്ഷ്യം. മുഴുവൻ കുട്ടികളെയും വിദ്യാരംഗം പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നു. ഓരോ മാസത്തിലും അവസാന വെള്ളിയാഴ്ച ബാലസഭ കൂടി

കഥ, കവിത, കടങ്കഥ,ചിത്രം വര, പുസ്തക പരിചയം, ഡ്രാമ തുടങ്ങിയവ അവതരിപ്പിച്ചു. വിവിധ ദിനാചരണവുമായി ബന്ധപ്പെട്ട് പപ്പറ്റ് ഷോ നടത്തി. സെപ്റ്റംബർ മാസത്തിൽ കുട്ടികളുടെ കയ്യെഴുത്തു മാസിക പ്രകാശനം ചെയ്തു. സ്കൂൾതലത്തിൽ കഥകൂട്ടം, കവിതകൂട്ടം, നാടൻപാട്ട്കൂട്ടം, വരക്കൂട്ടം, അഭിനയകൂട്ടം തുടങ്ങിയ അഞ്ചു കൂട്ടങ്ങളായി കുട്ടികളെ തരംതിരിച്ച് വ്യത്യസ്ത പ്രവർത്തനങ്ങൾ നടത്തി. ചിത്രംവര, നാടൻപാട്ട്, നാടകം എന്നിവയുടെ ഓരോ ശിൽപ്പശാലയും നടത്തി

## സയൻസ് ക്ലബ്ബ്

കുട്ടികളിൽ ശാസ്ത്രീയ അഭിരുചിയും അന്വേഷണത്വരയും ചിന്താശേഷിയും വളർത്തിയെടുക്കുകയെന്നതാണ് സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഉദ്ദേശം. കുട്ടികളുടെ ചോദ്യം ചോദിക്കാനുള്ള ശേഷിയും ശേഖരണ മനോഭാവവും ഇതുമൂലം വർദ്ധിപ്പിക്കാനാവുന്നു. മാസത്തിൽ രണ്ട് തവണ സയൻസ് ക്ലബ് അംഗങ്ങൾ ഒരുമിച്ചു കൂടി പരീക്ഷണങ്ങൾ അവതരിപ്പിക്കുകയും വിവിധ ശാസ്ത്രജ്ഞരെ പരിചയപ്പെടുകയും ചെയ്തു. സ്കൂൾ അസംബ്ലിയിൽ ഓരോ ക്ലാസ്സുകാരും പരീക്ഷണങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ഇങ്ങനെ ചെയ്ത എല്ലാ പരീക്ഷണങ്ങളുടെയും കുറിപ്പ് ഉൾപ്പെടുത്തി കുട്ടിപ്പരീക്ഷണങ്ങൾ എന്ന പേരിൽ ഒരു പതിപ്പ് ഇറക്കിയിട്ടുണ്ട്. ഡിസംബർ ജനുവരി മാസങ്ങളിൽ വാനനിരീക്ഷണം സംഘടിപ്പിച്ചു. ടെലസ്കോപ്പിലൂടെ ആകാശത്തെ അടുത്ത് കാണുവാനും, ഗ്രഹങ്ങളെയും നക്ഷത്രക്കൂട്ടങ്ങളേയും നിരീക്ഷിക്കുവാനും ഇതുമൂലം സാധിച്ചു.

# കായികരംഗം

# സംസ്ഥാന തലം

പത്താം ക്ലാസ് വിദ്യാർത്ഥിയായ അഭിഷേക് കോഴിക്കോട് നടന്ന സംസ്ഥാന പഞ്ചഗുസ്തി മത്സരത്തിൽ 70 കിലോ ജൂനിയർ വിഭാഗത്തിൽ റൈറ്റ് ഹാൻഡിൽ സ്വർണവും ലെഫ്റ്റ് ഹാൻഡിൽ വെള്ളിയും നേടി

# ജില്ലാതലം

റവന്യൂ ജില്ലാ കായികമേളയിൽ സീനിയർ ബോയ്സ് ഹാമർ ത്രോയിൽ നവനീത് കൃഷ്ണ സെക്കൻഡ് നേടി
സബ്ജില്ലാതലം
സബ് ജില്ലാ ക്രിക്കറ്റ് മത്സരത്തിൽ മൂന്നാം സ്ഥാനവും ജൂനിയർ ആൺകുട്ടികളുടെ കബഡി ടൂർണമെന്റിൽ ഒന്നാം സ്ഥാനവും ഉപജില്ലാ ജൂനിയർ പെൺകുട്ടികളുടെ ഖോ ഖോ ടൂർണമെന്റിൽ രണ്ടാം സ്ഥാനവും നേടി. ഉപജില്ലാ ജൂനിയർ ആൺകുട്ടികളുടെ ഫുട്ബോൾ ടൂർണമെന്റിൽ മൂന്നാം സ്ഥാനവും നേടി

## മറ്റു പ്രവർത്തനങ്ങൾ

# സ്കൗട്ട് ആൻഡ് ഗൈഡ്സ്

സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചു. വ്യത്യസ്തവും ആരോഗ്യപ്രദമായ വിവിധങ്ങളായ വിഭവങ്ങളാണ് കുട്ടികൾ മേളയിൽ വച്ചിരുന്നത് . റിപ്പബ്ലിക് ദിന പരേഡിൽ മികച്ച പരേഡിനുള്ള സമ്മാനം ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. സ്കൗട്ട് ആൻഡ് ഗൈഡ്സ് ആലത്തൂർ വാവു മലയിലേയ്ക്ക് യാത്ര നടത്തി. മല കയറുകയും തീയില്ലാത്ത വിഭവങ്ങൾ തയ്യാറാക്കുകയും ചെയ്തതിനു ശേഷം വിദ്യാർത്ഥികളുടെ കലാപരിപാടികൾ നടന്നു. അന്നേ ദിവസം പോത്തുണ്ടി ഡാം എന്നിവയും വിസിറ്റ് ചെയ്തു
ഫീൽഡ് ട്രിപ്പ്

ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ ഹയർസെക്കന്ററി വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടിയിൽ കുട്ടികൾ പങ്കെടുത്തു. മാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിച്ചു. മാലിന്യ രഹിത നാട് എന്ന ലക്ഷ്യം നേടാനായി നടത്തിയ ക്ലാസ്സിൽ ബയോമൈനിങ്, ഇൻസിനറേറ്റർ, ജൈവ മാലിന്യങ്ങളിൽ നിന്നും കമ്പോസ്റ്റ് നിർമ്മിക്കുന്ന രീതി എന്നിവ മെഷീനുകളുടെ സഹായത്തോടെ മനസ്സിലാക്കി. വിജ്ഞാന പ്രദമായ ഫീൽഡ് ട്രിപ്പ് കുട്ടികൾ ആസ്വദിച്ചു.

നേത്ര പരിശോധന ക്യാമ്പ്

വിദ്യാലയത്തിൽ ഹെൽത്ത് ക്ലബ്, സയൻസ് ക്ലബ്, ജെ ആർ സി യൂണിറ്റ് എന്നിവയുടെ ആ ഭിമുഖ്യത്തിൽ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും അധ്യാപക അനദ്ധ്യാപകരും നേത്രപരിശോധ നടത്തി. ഓഫ്ത്താൽമോളജിസ്റ്റ് ആയ ശ്രീജേഷ് നേത്രപരിചരണത്തിന് വേണ്ട നിർദേശങ്ങൾ നൽകി.